## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 632 06.02.2013 ലെ മറുപടിയ്ക്ക്

## കാരുണ്യ ഭാഗ്യക്കുറി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

| | | |
|---|---|---|
| (എ) | കാരുണ്യ ഭാഗ്യക്കുറിയുടെ അറ്റാദായയിനത്തിൽ എത്ര കോടി രൂപ സമാഹരിക്കുവാൻ ഇതുവരെ കഴിഞ്ഞു ; ആയതിൽ നിന്ന് ഇതുവരെ എത്ര കോടി രൂപ വിവിധ രോഗികൾക്കായി അനുവദിച്ചു; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. ജില്ല തിരിച്ച് വ്യക്തമാക്കുമോ; | തുടക്കം മുതൽ 27.01.2013ന് നറുക്കെടുപ്പ് നടത്തിയ കാരുണ്യ 71- ാമത് ഭാഗ്യക്കുറി വരെയുള്ള ലാഭം ഏകദേശം 123.49 കോടി രൂപയാണ്.<br>7485 രോഗികൾക്ക് 79.08 കോടി രൂപ ചികിത്സാ സഹായം അനുവദിച്ചു. ജില്ല തിരിച്ച്, തുക, എണ്ണം എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ചികിത്സ തുടങ്ങും മുമ്പ് സഹായത്തിന് അപേക്ഷ നൽകണമെന്ന വ്യവസ്ഥയുള്ളതിനാൽ അടിയന്തിര ചികിത്സയ്ക്കും ശസ്ത്രക്രിയകൾക്കും വിധേയരാകുന്നവർക്ക് പ്രസ്തുത ലോട്ടറിയിൽ നിന്നുള്ള ചികിത്സാ സഹായം നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; വിശദാമാക്കുമോ; | സർക്കാർ ആശുപത്രികളിൽ അടിയന്തിര ശസ്ത്രക്രിയ്ക്ക് വിധേയരാകേണ്ടി വരുന്ന രോഗികൾക്ക് ബന്ധപ്പെട്ട ഡോക്ടറുടെ സാക്ഷ്യപത്രവും ആവശ്യമായ രേഖകളും സഹിതം ശസ്ത്രക്രിയ കഴിഞ്ഞ് 24 മണിക്കൂറിനുള്ളിൽ ജില്ലാ ഓഫീസിൽ അപേക്ഷ നൽകാവുന്നതാണ്. |
| (സി) | മറ്റ് സംസ്ഥാനങ്ങളിൽ അടിയന്തിര ഘട്ടങ്ങളിൽ ചികിത്സ തേടുന്നവർക്ക് ചികിത്സാ സഹായം നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം മറ്റു സംസ്ഥാനങ്ങളിൽ ചികിത്സ തേടുന്നവർക്ക് ചികിത്സാ സഹായം അനുവദിക്കാൻ വ്യവസ്ഥയില്ല. |
| (ഡി) | ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് കാരുണ്യയിലെ പരമാവധി തുകയായ രണ്ട് ലക്ഷത്തിൽ നിന്ന് 70,000 രൂപ കുറച്ചാണ് നൽകുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ചികിത്സാ ചെലവ് കൂടുതൽ വേണ്ടി വരുന്ന | പദ്ധതി മാർഗ്ഗ നിർദ്ദേശമനുസരിച്ച് ചിസ്പ്ലസ് ചികിത്സാ ധനസഹായ തുകയായ 70,000/- രൂപ കഴിച്ചുള്ള തുകയാണ് അനുവദിയ്ക്കുന്നത്. |

| | | |
|---|---|---|
| | രോഗികൾക്ക് ഇത് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | |
| (ഇ) | കാരുണ്യ ലോട്ടറിയിൽ നിന്നുള്ള ചികിത്സാ നടപടിക്രമങ്ങൾ സുതാര്യവും വേഗതയുള്ളതുമായി മാറ്റുവാൻ നിലവിലെ വ്യവസ്ഥകൾക്ക് സമൂലമാറ്റം വരുത്താവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | നിലവിൽ പദ്ധതി നടപടി ക്രമങ്ങൾ സുതാര്യവും, രോഗികൾക്ക് പരമാവധി വേഗത്തിൽ ചികിത്സാ സഹായം ലഭ്യമാക്കുന്നതിനാവശ്യമായ രീതിയിലുമാണ്. |
| (എഫ്) | കാരുണ്യ ഡയാലിസിസ് സെന്ററിന് എത്ര തുക അനുവദിച്ചു; എപ്രകാരമുള്ള ആശുപത്രികളെയാണ് ഇത്തരം സെന്ററിന് തെരഞ്ഞെടുക്കപ്പെടുന്നത്; എന്നുമുതൽ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത് വിശദമാക്കുമോ; | കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ കാരുണ്യ ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്നതിനു അനുമതി നൽകിയിട്ടുണ്ട്.. ആവശ്യമായ കെട്ടിടവും,വിദഗ്ദ്ധ ഡോക്ടർമാരും മറ്റു സൗകര്യങ്ങളുമുള്ള സർക്കാർ ആശുപത്രികളെയാണ് തെരഞ്ഞെടുക്കുന്നത്. കൂടാതെ ആരോഗ്യവകുപ്പുമായി സഹകരിച്ച് 27 ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ജി) | കാരുണ്യ ഹോമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എത്ര കോടി രൂപ അനുവദിച്ചു. എന്നുമുതൽ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് എത്ര കുട്ടിരിപ്പുകാർക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ ? | കാരുണ്യ ഹോമിന്റെ നിർമ്മാണം പരിഗണനയിലാണ്. തുകയൊന്നും ഇതേവരെ അനുവദിച്ചിട്ടില്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

# KARUNYA BENEVOLENT FUND

DISTRICT WISE DETAILS OF AMOUNT SANCTIONED TO PATIENTS AS ON 29.01.2013

| Sl. No | DISTRICT | BENEFICIARIES | AMOUNT |
|---|---|---|---|
| 1 | TRIVANDRUM | 908 | 95450488 |
| 2 | KOLLAM | 559 | 59281241 |
| 3 | PATHANAMTHITTA | 316 | 29894608 |
| 4 | ALAPPUZHA | 467 | 39631435 |
| 5 | KOTTAYAM | 631 | 56922555 |
| 6 | IDUKKI | 264 | 27435692 |
| 7 | ERNAKULAM | 464 | 44356441 |
| 8 | THRISSUR | 312 | 30020300 |
| 9 | PALAKKAD | 371 | 34180545 |
| 10 | MALAPPURAM | 612 | 67261850 |
| 11 | KOZHIKKODE | 705 | 72572035 |
| 12 | WAYANAD | 179 | 17379778 |
| 13 | KANNUR | 1349 | 164288042 |
| 14 | KASARAGOD | 350 | 41171165 |
| Fund released to Dist Collector / Hosptials etc. (Imprest fund and payment upto Rs.3000) | | | 11000000 |
| | Total | 7485 | 790846175 |